ചെന്ന സമയത്ത് സർക്കിൾ ഇൻസ്പെക്ടർ ഉണ്ടായിരുന്നില്ല. ആ സുരേന്ദ്രനെ വലപ്പാട് പോലീസ് സ്റ്റേഷനിലെ ഹെഡ്കോൺസ്റ്റബിൾ ഗോപി എന്നയാൾ മൃഗീയമായി മർദ്ദിച്ചു. അയാൾ ആശുപത്രിയിൽ കിടന്നു. നാളിതുവരെ നടപടി എടുത്തിട്ടില്ല. ഈ രണ്ടു കാര്യങ്ങളിലും പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): സർ, ഇവിടെ റഫർ ചെയ്ത രണ്ടു കാര്യങ്ങളിൽ ഒന്ന്, ഒരു കളവു കേസ്സിൽ സംശയിക്കപ്പെടുന്ന പ്രതി എന്നു പറഞ്ഞ് അന്വേഷിക്കാൻവേണ്ടി സ്റ്റേഷനിൽ ചെല്ലാൻ പറഞ്ഞിട്ട് ചെല്ലാൻ കൂട്ടാക്കാത്തതിന്റെ പേരിൽ നടപടി സ്വീകരിക്കുന്ന അവസരത്തിൽ അവർ അവിടെനിന്ന് പോയി തമിഴ് നാട്ടിൽ ചെന്ന്, ആത്മഹത്യ ചെയ്തതായിട്ടാണ് വിവരം കിട്ടിയിരിക്കുന്നത്. അതുപോലെ രണ്ടാമത്തെ കേസ്സിലെ പ്രതിയെ അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കിയതിനുശേഷം ലോക്കപ്പിൽ വച്ച് മർദ്ദിച്ചു എന്നുള്ളതാണ് കേസ്. ഏതായാലും ഞാൻ കേസ്സിന്റെ മെരിറ്റിലേക്ക് പോകുന്നില്ല. ഒരാൾക്ക് വിദേശത്തേക്കു പോകാൻ നിയമപരമായി തടസ്സമുണ്ടെങ്കിൽ ആ തടസ്സം നീക്കി പോകാൻ സമ്മതിക്കുകയില്ല. സാധാരണഗതിയിൽ പാസ്പോർട്ടു കിട്ടാൻ നിയമപ്രകാരം അവകാശമുണ്ടെങ്കിൽ അത് തടയാൻ പറ്റുകയില്ല. എന്തായാലും ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

(8) ഭവാനിപുഴയിൽ പാലം നിർമ്മിക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട്

ശ്രീ. പി. കുമാരൻ: സർ, അട്ടപ്പാടിയിൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്താണ് പുതൂർ പഞ്ചായത്ത്. ആ പഞ്ചായത്തിലേക്ക് പോകുന്ന കോട്ടത്തറ—പുതൂർ റോഡിൽ ചാവടിയൂരിൽ ഭവാനിപ്പുഴയ്ക്ക് കുറുകെ ഒരു നിലപതി —കോസ്വേ ആണ് ഇപ്പോഴുള്ളത്. ഈ നിലംപതി കടക്കുന്ന സമയത്ത് മോഹൻദാസ് എന്നൊരു ചെറുപ്പക്കാരൻ കഴിഞ്ഞയാഴ്ച ഒഴുകിപ്പോയി. ഇത് ആദ്യത്തെ സംഭവമല്ല. കഴിഞ്ഞവർഷം ഒരു ഭാര്യയും ഭർത്താവുംകൂടി ഒഴുകിപ്പോയി മരണപ്പെട്ടു. ഇതുപോലുള്ള സംഭവം മേലിൽ ഉണ്ടാകാതിരിക്കാൻ അടിയന്തിരമായി ആ പാലം പുതുക്കിപ്പണിയണം, കൈവരികളും സ്ഥാപിക്കണം, മരിച്ച മോഹൻദാസിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുകയും വേണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, കോട്ടത്തറ—പുതൂർ റോഡിൽ ഭവാനിപ്പുഴയ്ക്ക് കുറുകേയുള്ള കോസ്വേ ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടാക്കിയതാണ്. ഇന്നും യാതൊരു കേടുമില്ലാതെ സുരക്ഷിതമായി നിൽക്കുന്ന ഒരു കോസ്വേയാണ് അത്. അതിന്റെ ഇടയിൽകൂടി പൈപ്പ് ഇട്ടിരിക്കുകയാണ്. ആ പൈപ്പിനകത്ത് ചെളിയും മണ്ണും നിറഞ്ഞ് അടഞ്ഞതുമൂലം വെള്ളം അതിന്റെ മുകളിൽ നിൽക്കും. അങ്ങനെ വെള്ളം നിൽക്കുന്നതുകൊണ്ട് അത് പൊളിച്ചുമാറ്റണമെന്ന് പറഞ്ഞു. പൊളിച്ചുമാറ്റുന്നതിനു പകരം പൈപ്പിൽ കുടുങ്ങിയിട്ടുള്ള ചെളിയും മണ്ണും നീക്കുന്നതിന് അടിയന്തിര നടപടികളെടുക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടാക്കിയ പാലമാണെങ്കിലും ഇന്ന് നമ്മൾ ഉണ്ടാക്കുന്ന പാലത്തേക്കാൾ വളരെ ഉറപ്പുള്ള പാലമാണ്. അത് ഒരു കോസ്വേയായിട്ടാണ് കാണുന്നത്. അതുകൊണ്ട് അത് പൊളിച്ചുമാറ്റി വേറെ പാലം ഉണ്ടാക്കേണ്ടതുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മരണകാര്യങ്ങൾ മരാമത്തുവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. അത് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരിക്കും. ഏതായാലും മരാമത്തു വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(9) കാട്ടാക്കട താലൂക്ക് രൂപീകരണം

ശ്രീ. കെ. പങ്കജാക്ഷൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു കേന്ദ്രമാണ് കാട്ടാക്കട. ആ പ്രദേശവും അതിന്റെ പരിസരത്തുള്ള പഞ്ചായത്തുകളും ചേർന്ന് ഒരു താലൂക്ക് രൂപീകരിക്കണമെന്നുള്ള നിർദ്ദേശം വളരെ മുൻപുമുതലേ ഉള്ളതാണ്. വെള്ളോടി കമ്മീഷൻ ഉൾപ്പെടെ പരിശോധിച്ചിട്ടുള്ള ഒരു നിർദ്ദേശമാണ്. അതിനുശേഷം വിതുര കേന്ദ്രമാക്കി താലൂക്ക് വേണമെന്നുള്ള നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. താലൂക്ക് രൂപീകരണം സംബന്ധിച്ചും പുനർവിഭജനം സംബന്ധിച്ചും പരിശോധിച്ച വെള്ളോടി കമ്മീഷൻ ഇക്കാര്യത്തിൽ കാട്ടാക്കടയുടെ പ്രാധാന്യം വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതായിരുന്നു. അവിടെയുള്ള എല്ലാ രാഷ്ട്രീയ കക്ഷികളും ഭിന്നാഭിപ്രായമില്ലാതെ ഇക്കാര്യത്തിൽ മുന്നോട്ടു വന്നിട്ടുള്ളതാണ്. മേൽനടപടികളുണ്ടാകാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്പോൾ അവിടെ നിരാഹാര സത്യാഗ്രഹം നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായ പരിഗണന ഉണ്ടാകേണ്ടതാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നല്ല സമീപനം സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താലൂക്കുകൾ പുനർവിഭജിക്കുന്ന കാര്യവും പുതിയ താലൂക്കുകൾ ഉണ്ടാക്കുന്ന കാര്യവും വളരെക്കാലമായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതാണ്. പ്രായോഗികമായ ബുദ്ധിമുട്ടുകൾകൊണ്ട് അതിൽ വലിയ പുരോഗതിയുണ്ടായിട്ടില്ല. മൊത്തത്തിൽ താലൂക്കുകൾ രൂപീകരിക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനം എടുക്കുന്ന സമയത്ത് കാട്ടാക്കടയുടെ കാര്യവും പരിഗണിക്കുന്നതാണ്.

(10) ചീരുണ്ണി കാർത്തികേയന്റെ സംശയാസ്പദമായ മരണം

ശ്രീമതി കെ. ആർ. ഗൗരി: സർ, കോടംതുരുത്ത് പഞ്ചായത്തിൽ ഒന്നാം വാർഡിൽ പുനത്തറ വീട്ടിൽ ചീരുണ്ണി മകൻ കാർത്തികേയൻ 1-6-1986-ൽ കൊലപാതകമെന്ന് സംശയിക്കപ്പെട്ട വിധത്തിൽ അദ്ദേഹത്തിന്റെ തന്നെ പണിതീരാത്ത വീട്ടിൽ കാലുറണ്ടും താഴെകുത്തിക്കൊണ്ട് കെട്ടിത്തൂങ്ങി നിൽക്കുന്നതായി കാണപ്പെട്ടു. അതിനെ സംബന്ധിച്ച് നാട്ടുകാർ പ്രതിഷേധിക്കുകയും അതൊരു കൊലപാതകമാണെന്നുള്ള നിലയിൽ പോലീസിൽ പരാതി കൊടുക്കുകയും ചെയ്തു. സാക്ഷിപറയുന്നതിനുവേണ്ടി ആളുകൾ പേരുകൊടുത്തിട്ടും ഇന്നുവരെ പോലീസ് അതിനെപ്പറ്റി അന്വേഷിക്കുകയോ, കേസ് രജിസ്റ്റർ ചെയ്യുകയോ മറ്റ് കാര്യങ്ങൾ ചെയ്യുകയോ ചെയ്തിട്ടില്ല. അത് ഒരു ആത്മഹത്യയാണെന്ന് പറഞ്ഞ് കേസ് തള്ളിക്കളയുകയാണ് ചെയ്തത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇതുവരെ പോലീസ് പുറത്തു കൊണ്ടുവന്നിട്ടില്ല. ചീരുണ്ണി കാർത്തികേയൻ തൂങ്ങി മരിക്കത്തക്ക യാതൊരു സാഹചര്യവുമില്ലായിരുന്നു. അദ്ദേഹം ഒരു എക്സ് സർവ്വീസ്മാനാണ്, നേവൽ ബേസിൽ ദ്രോണാചാര്യയിൽ ജോലിയിലി

LIBRARY ARCHIVES Kerala Legislative Assembly